കാഴ്ചകൾക്ക് വിലയുളളപ്പോൾ സ്വാതന്ത്യത്തിന് അർത്ഥ ശൂന്യതയുണ്ടാകുമ്പോൾ നാം എന്ത് കാണുന്നു എന്നത് കേവലം കാഴ്ചമാത്രമല്ലാതായിതീരുന്നു. ഇത്തരം ഒരു കാഴ്ച നൽകിയ അമലാൻ ചക്രവർത്തിയുടെ ദൈവം നൃത്തം ചെയ്യുമ്പോൾ എന്ന ഡോക്യുമെന്ററിയെക്കുറിച്ച്

# ദൈവം നൃത്തം ചെയ്യുമ്പോൾ

എസ്. മുഹമ്മദ് ഇർഷാദ്

മാധ്യമങ്ങൾ അടയാളപ്പെടുത്തലാണ്. ചരിത്രത്തെ അടയാളപ്പെടുത്തുമ്പോൾ, വ്യക്തി സമൂഹം എന്നിവയെ നിരീക്ഷിക്കുന്നതിന്റേയും വിലയിരുത്തുന്നതിന്റേയും ക്രമങ്ങളാണ് നമ്മുടെ ചരിത്ര പാഠങ്ങൾ. വസ്തുനിഷ്ട, വ്യക്തിനിഷ്ട എന്നീ സാങ്കേതിക വ്യവഹാരങ്ങളെ ജീവിതം, അവകാശം എന്നീ കാര്യങ്ങളിലൂടെ കാണുമ്പോഴാണ് ഏതൊരു കാഴ്ചയും പ്രസക്തവും അപ്രസക്തവുമാകുന്നത്. കാഴ്ചകൾക്ക് വിലയുളളപ്പോൾ സ്വാതന്ത്യത്തിന് അർത്ഥ ശൂന്യത ഉണ്ടാകുമ്പോൾ നാം എന്ത് കാണുന്നു എന്നത് കേവലം കാഴ്ചമാത്രമല്ലാതായി തീരുന്നു. ഇത്തരം ഒരു കാഴ്ചയാണ് ദൈവം നൃത്തം ചെയ്യുമ്പോൾ എന്ന ഡോക്യുമെന്ററിയിലൂടെ അമലാൻ ചക്രവർത്തി അവതരിപ്പിച്ചത്.

എന്താണ് ജനാധിപത്യം എന്ന് ഉറക്കെ ചോദിക്കേണ്ട സാമാന്യ പശ്ചാത്തലത്തിലാണ് ഈ ഡോക്യുമെന്ററി ഇൻഡ്യൻ ഭരണവ്യവസ്ഥയുടെ ഏറ്റവും ക്രൂരമായ മുഖങ്ങളിലൊന്നിനെ പൊതു സമൂഹത്തിന് മുന്നിലെത്തിക്കുന്നത്. ഒരു സ്വതന്ത്ര ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കായി അവതരിപ്പിക്കപ്പെടുന്ന ഇൻഡ്യൻ ഭരണവ്യവസ്ഥയിൽ എന്തുകൊണ്ട് മണിപ്പൂർ അടക്കമുളള വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കായി പ്രത്യേക പോലീസ് നിയമം ഉണ്ടാകേണ്ടിവരുന്നു. ഇതിന്റെ മറവിൽ നടക്കുന്ന ഭരണകൂട ഭീകരതയെ ചെറുക്കാൻ പ്രാദേശിക സമൂഹം സ്ഥീകരിക്കുന്ന മാർഗങ്ങൾ എന്താണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വികസനം ഇൻഡ്യ സ്വതന്ത്രമായതുമുതൽ തന്നെ പ്രധാനപ്പെട്ട വിഷയമാതിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. നെഹ്റുവിന്റെ കാലത്തുതന്നെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ആദിവാസി വിഭാഗത്തിന്റെ സാമൂഹികവികാസം ലക്ഷ്യമാക്കി ആദിവാസി വികസന പരിപാടികൾ നടപ്പിലാക്കിയിട്ടും വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ ഇൻഡ്യൻ മുഖ്യധാരയിൽ ലയിച്ചിട്ടില്ല. കാശ്മീർ കഴിഞ്ഞാൽ ഇൻഡ്യൻ സർക്കാറിന് ഏറ്റവും കൂടുതൽ സൈനിക ചിലവ് വേണ്ടിവരുന്ന പ്രദേശങ്ങളായി വടക്കുകിഴക്കൻ മേഖലകൾ മാറിയിട്ടുണ്ട്. ഒരു രാജ്യത്തിന്റെ ദേശീയാതിർത്തികളിൽ തന്നെ തങ്ങളുടെ ശത്രുക്കളെ നേരിടേണ്ടിവരുന്നത് സ്വാതന്ത്ര്യം, ജനാധിപത്യം സോഷ്യലിസം തുടങ്ങിയ മൂല്യങ്ങൾ ഇഴചേർത്ത് രൂപപ്പെടുത്തിയ ഇൻഡ്യൻ വ്യവസ്ഥയിൽ അംഗീകരിക്കാവുന്നതല്ല.


പ്രശ്നസാധ്യത മേഖലിൽ അത് സാമ്പത്തികമായാലും രാഷ്ട്രീയമായാലും പലപ്പോഴും ഭരണകൂടങ്ങൾ ചെയ്യുക ഇത്തരം സാമകാലിക അസ്വസ്തതകളെ കേവലം ക്രമസമാധാന പ്രശ്നമായി ചുരുക്കുക എന്നതാണ്. സൈനിക നടപടികൾക്ക് അമിതപ്രാധാന്യം നൽകുകയും അതിനെ സാധൂകരിക്കാൻ തക്ക നിയമനിർമ്മാണവും ഇതിനൊപ്പം നടക്കുന്നുണ്ട്. വടക്കുകിഴക്കൻ മേഖലയിൽ നിലനിൽക്കുന്ന പ്രത്യേക പോലീസ് നിയമം ഇതിന്റെ തെളിവാണ്. പേലീസ് നിശ്ചയിക്കുന്ന ക്രമസമാധാനചട്ടകൂടിൽ നിൽക്കാൻ സാധാരണ മനുഷ്യർ നിർബന്ധിക്കപ്പെടുന്നു. വ്യക്തി സ്വാതന്ത്ര്യം എന്നത് ഭരണകൂടവിരുദ്ധമോ ദേശവിരുദ്ധമോ ആകുന്നു. വ്യക്തി സ്വാതന്ത്ര്യമെന്നത് മൗലികമായ മനുഷ്യവകാശ ലംഘനം കൂടി ആകുന്നിടത്താണ് ഇറോൺ ശാർമിളയെ പോലെ സാധാരണ മനുഷ്യർക്ക് പ്രതിഷേധിക്കേണ്ടി വരുന്നത്. കഴിഞ്ഞ പത്ത് വർഷത്തിനിടെ 4500 ലധികം സാധാരണ മനുഷ്യർ ഇവിടെ ഭരണകൂടത്തിന്റെ ഇരകളായി മരിച്ചു വീണു. ഈ ഡോക്യുമെന്ററിയുടെ തുടക്കത്തിൽ തന്നെ ഏറ്റുമുട്ടൽ, കൊലപാതകം എന്നത് നിസഹായരായ മനുഷ്യർക്ക് മേൽ പോലീസും പട്ടാളവും നടത്തുന്ന നായാട്ടാണ് എന്ന് വ്യക്തമാകുന്നുണ്ട്. ഈ പരമ്പര ഇന്നും തുടരുന്നു. ഇതിനെ എന്ത്കൊണ്ട് തടയാൻ കഴിയുന്നില്ല. അടുത്തിടെ കാശ്മീരിൽ ഉന്നത സൈനിക ഉദ്ധ്യോഗസ്ഥർ പ്രമോഷന് വേണ്ടി നടത്തിയ കൊലപാതകം നാളിതുവരെ കാശ്മീരിൽ നടന്ന ഏറ്റുമുട്ടലുകളെ ചോദ്യം ചെയ്യാൻ പോന്നതാണ്.

ഡൽഹിയിലെ ബഡ്‌ല ഹൗസ് ഏറ്റുമുട്ടലിനെ സംബന്ധിച്ച സർക്കാർ ഭാക്ഷ്യത്തിന് എതിരായിരുന്നു പിന്നീട് പുറത്തുവന്ന പോസ്റ്റുമാർട്ടം റിപ്പോർട്ട്. ഭരണകൂടം കേവലം പോലീസ് സംവിധാനങ്ങളിൽ മാത്രം നിലനിൽക്കുന്ന ഒന്നായിതീരുന്നു. പൗരന് ജനാധിപത്യം ഉറച്ചു നിൽക്കുന്ന ജീവിത അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാറിനെതിരെ

സമരം ചെയ്യേണ്ടിവരുന്നു. പത്ത് വർഷം നിരാഹാരം കിടന്നിട്ടും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന പ്രത്യേക പോലീസ് നിയമം പിൻവലിക്കാൻ തയ്യാറായിട്ടില്ല. മനോരമ ദേവിയുടെ കൊലപാതകവും ഇൻഡ്യൻപട്ടാളക്കാർ മാനഭംഗം ചെയ്ത സ്ത്രീകൾ നഗ്നരായി നടത്തിയ പ്രതിഷേധ മാർച്ചും ഇത്തരം കരിനിയമങ്ങൾ ഏറ്റവും ക്രൂരമായി ആക്രമിക്കുക സ്ത്രീകളെയാണ് എന്നത് വ്യക്തമാകുന്നുണ്ട്. എന്നാൽ ഇവയെല്ലാം രേഖപ്പെടുത്തുക ക്രമസമാധാനം എന്ന സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനിടയിൽ സംഭവിച്ച ഒഴിവാക്കാമായിരുന്ന വീഴ്ചകൾ എന്ന് മാത്രമാണ്.

62 വർഷത്തെ സ്വാതന്ത്ര്യ ജനാധിപത്യം പാർലമെന്റിൽ കോടീശ്വരൻമാരെ കുടിയിരുത്തുന്നതും പാർലമെന്റിനെ മറികടന്നുകൊണ്ട് കോർപ്പറേറ്റുകൾ സർക്കാർ നയങ്ങൾ രൂപീകരിക്കുന്നതും, മനുഷ്യന്റെ നിലനിൽക്കുവാനുള്ള അവകാശം എന്നത് ജനാധിപത്യഅവകാശമല്ലാതായിതീരുന്ന പശ്ചാത്തലത്തിൽ ഭരണകൂടത്തിന്റെ നിലനിൽപ് പൗരന്റെ അവകാശങ്ങൾക്ക് ഭീഷണിയാകുന്ന ആദിവാസി മേഖലകളിലെ ഖനനവും അതിനെതിരായ ചെറുത്തുനില്പും. ഇത്തരം ചെറുത്തു നില്പുകളെ സൈനികമായി നേരിടാനുള്ള സർക്കാർ നീക്കങ്ങളും എല്ലാം തന്നെ ഭരണകൂടത്തിന്റെ നിലനിൽപ് എന്നത് എന്താണ് എന്ന് വെളിപ്പെടുത്തുന്നുണ്ട്. പുതിയ ദേശീയ സുരക്ഷാനിയമം പ്രാവർത്തികമാക്കി തുടങ്ങുന്നതോടെ സർക്കാർ നീക്കത്തെ ചോദ്യം ചെയ്യുന്ന ഏതൊരു വ്യക്തിയും ജാമ്യം പോലും കിട്ടാത്ത വിധം ജയിലിലടക്കപ്പെടാം. ഓരോ ഇൻഡ്യക്കാരനും (പാർലമെന്റ് മെമ്പർമാരും, കോർപറേറ്റുകളും ഒഴികെ) ഇറോം ശാർമിളമാർ ആകേണ്ട സാഹചര്യമാണ് ഉണ്ടാകുന്നത്.

**പുസ്തകം കൈപ്പറ്റി**



**പ്രകൃതി പാഠങ്ങൾ**
ടി.ആർ. പ്രേംകുമാർ

പ്രസാധനം:
**മുഴിക്കുളം ശാല**
വില: 30 രൂപ

വീണ്ടുംവായനയ്ക്ക്

# ലാലൂർ മോഡൽ പ്രൊജക്ട് അട്ടിമറിച്ചു; വീണ്ടും സമരം

ലാലൂർ മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ നേതൃത്വത്തിൽ രൂപവത്കരിച്ച ലാലൂർ മോഡൽ പ്രൊജക്ട് (ലാംപ്) അട്ടിമറിക്കപ്പെടുന്നു. കാർഷിക സർവകലാശാല മുൻ പി വി സി പത്തിയൂർ ഗോപിനാഥിന്റെ നേതൃത്വത്തിൽ വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതിയാണ് ലാലൂർ മോഡൽ എന്ന രീതിയിൽ ഇവിടെ നടപ്പാക്കാൻ തീരുമാനിച്ചിരുന്നത്.

ജൂൺ 15ന് പദ്ധതി പ്രവർത്തനം തുടങ്ങുമെന്നാണ് തിരുവനന്തപുരത്ത് ഏപ്രിൽ ആറിന് മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും സമരസമിതിക്കാരുടെയും നേതൃത്വത്തിൽ എടുത്ത യോഗതീരുമാനം. എന്നാൽ ജൂൺ 15ന് രാവിലെവരെ ഇതുസംബന്ധിച്ച ഒരു പ്രവൃത്തിയും കോർപറേഷനോ, പത്തിയൂർ ഗോപിനാഥോ തുടങ്ങിയില്ല.

ഇതേത്തുടർന്ന് ലാലൂർ സമരസമിതി ചെയർമാൻ ടി കെ വാസുവിന്റെ നേതൃത്വത്തിലുള്ള സംഘം അന്ന് ജില്ലയിലുണ്ടായിരുന്ന തദ്ദേശസ്വയംഭരണ മന്ത്രി പാലൊളി മുഹമ്മദ്കുട്ടിയെയും കോർപറേഷൻ മേയർ ആർ ബിന്ദുവിനെയും നേരിൽക്കണ്ട് സംസാരിച്ചെങ്കിലും ഒട്ടും അനുകൂലമല്ലാത്ത മറുപടിയാണ് ലഭിച്ചതെന്നാണ് സമരസമിതി ഭാരവാഹികൾ പറയുന്നത്.

പദ്ധതി സംബന്ധിച്ച ഉറപ്പ് നൽകിയത് മുഖ്യമന്ത്രിയാണ്, തന്റെ പരിധിയിലുള്ള കാര്യമല്ല ഇതെന്ന് മേയർ പറഞ്ഞതായാണ് സമരസമിതി നേതാക്കൾ ആരോപിക്കുന്നത്. ഇതിനിടയിൽ രാമനിലയത്തിൽവെച്ച് മന്ത്രി പാലൊളിയെ കണ്ടെങ്കിലും ലാലൂർ പദ്ധതി അട്ടിമറിച്ചത് സമരസമിതിക്കാരാണെന്ന തരത്തിലാണ് അദ്ദേഹവും പ്രതികരിച്ചതെന്ന് ഇവർ കുറ്റപ്പെടുത്തി.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രൂപവത്കരിച്ച പത്തിയൂർ പദ്ധതി തദ്ദേശവകുപ്പ് അട്ടിമറിക്കുന്നുവെന്ന് ഇതിന് മുമ്പ് സമരസമിതി ആരോപിച്ചിരുന്നു. ഇതേ അവസ്ഥ തന്നെയാണ് ഇപ്പോൾ വന്നുപെട്ടിരിക്കുന്നത്.

കോർപറേഷൻ ഫണ്ട് അനവദിക്കാത്തതാണ് പദ്ധതി വൈകുന്നതെന്നാണ് ആക്ഷേപം. എന്നാൽ കോർപറേഷൻ കാർഷിക സർവകലാശാലയുടെ പേരിൽ ഫണ്ട് നൽകാമെന്നും പത്തിയൂരിന് നേരിട്ട് നൽകാനാവില്ലെന്നുമാണ് വ്യക്തമാക്കിയത്. ഈ വിഷയം ഇക്കഴിഞ്ഞ ശനിയാഴ്ച മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ മേയറടക്കം പങ്കെടുത്ത യോഗത്തിലും ചർച്ചാവിഷയമായതാണ്. അന്നത്തെ യോഗത്തിൽ പത്തിയൂരും മന്ത്രി പാലൊളിയും പങ്കെടുക്കാതിരുന്നതും ശ്രദ്ധേയമായിരുന്നു.

പദ്ധതി തുടങ്ങുന്നതിന് വ്യക്തിക്ക് നേരിട്ട് ഫണ്ട് അനുവദിക്കാനാവില്ലെന്നാണ് സാങ്കേതിക കാരണം. ഇത്തരം വൈരുധ്യം നിലനിൽക്കുന്നതിനാൽ കോർപറേഷനും പത്തിയൂരും തമ്മിൽ ഇടഞ്ഞ അവസ്ഥയാണ് നിലവിലുള്ളത്.

പദ്ധതി നിശ്ചിതസമയത്ത് തുടങ്ങാത്തതിനാൽ ജൂൺ 21ന് സമരസമിതിയുടെ നേതൃത്വത്തിൽ മാലിന്യവണ്ടികൾ തടഞ്ഞുകൊണ്ട് പ്രതിഷേധം തുടങ്ങി. ജൂൺ 30 മുതൽ വീണ്ടും സമരത്തിലേക്ക് പോകാനാണ് സമര സമിതിയുടെ തീരുമാനം.

(സിറാജ് ദിനപത്രം)